II.ഇ.ബി. XII--കേരള നിയമസഭ/V-18

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ 19, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

139 (*571&*592) കൂടംകുളം-മാടക്കത്തറ 400 കെ.വി. പവർ ഹൈവേ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, കൂടംകുളം ആണവനിലയത്തിൽനിന്നും കേരളത്തിന് അർഹതപ്പെട്ട വിഹിതം കൊണ്ടുവരുന്നതിനായി സതേൺ റീജിയണൽ ഇലക്ട്രിസിറ്റി ബോർഡ് അനുമതി നൽകിയ പദ്ധതി പ്രകാരമുള്ള തിരുനെൽവേലി-ഇടമൺ-മാടക്കത്തറ 400 കെ.വി. പവർ ലൈനിന്റെ നിർമ്മാണപ്രവർത്തനത്തിന്റെ പ്രാഥമിക സർവ്വെയും ദർഘാസ് പ്രമാണങ്ങളും തയ്യാറായിക്കഴിഞ്ഞെന്ന് സഭയെ അറിയിച്ചു. ഇതിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള 400 കെ.വി. മൾട്ടി സർക്യൂട്ട് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇടമണിൽ നിന്ന് പള്ളിക്കര (കൊച്ചി) വരെയും പിന്നീട് മാടക്കത്തറയിലേയ്ക്കും ലൈൻ വലിക്കാനാണ് ഉദ്ദേശിക്കുന്നത്. മാടക്കത്തറയിൽ നിന്ന് അരിക്കോട് വരെ ലൈൻ വലിച്ച് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന മൈസൂർ-അരിക്കോട് ലൈനുമായി ബന്ധിപ്പിച്ച് കേരളത്തിൽ ഒരു പവർ

ഹൈവേ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി 2004-2005-ൽ PGCIL നടത്തിയ സർവ്വെ പ്രകാരം ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടായിരുന്ന ആശങ്ക ദൂരീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ലൈൻ കാർഷികമേഖലയിലൂടെ വലിക്കുന്നതു സംബന്ധിച്ചുള്ള ബദൽ നിർദ്ദേശങ്ങളും സാദ്ധ്യതകളും പരിശോധിക്കുന്നതിനായി കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ മെമ്പർ ശ്രീ. എ.ജി. ഭദ്രൻ കൺവീനറായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് ലഭ്യമായശേഷം പ്രസ്തുത ലൈൻ വലിക്കുന്ന ഭാഗത്തെ കൃഷിക്കാരുടെ യോഗവും ഉന്നതതലയോഗവും ചേർന്ന് ആശങ്കകൾ പരിപൂർണ്ണമായി പരിഹരിച്ചുകൊണ്ടു മാത്രമേ പ്രസ്തുത പ്രവർത്തനങ്ങളുമായി ഗവണ്മെന്റ് മുന്നോട്ടു പോകുകയുള്ളൂ. ആണവ വൈദ്യുതി നിലയവുമായി ബന്ധപ്പെട്ട ആശങ്കകൾ കേരളത്തിലെ ജനങ്ങൾക്കുണ്ടായതിന്റെ ഭാഗമായിട്ടാണ് 2000 മെഗാ വാട്ട് സ്ഥാപിതശേഷിയുള്ള കൂടംകുളം ആണവവൈദ്യുതി നിലയം കേരളത്തിന് നഷ്ടമായത്. 9 വൈദ്യുതപദ്ധതികളിൽ നിന്നുമായി 3811 മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടത്. രണ്ട് 400 കെ. വി. ലൈൻ വഴി നാഷണൽ പവർ ഗ്രിഡിൽ നിന്നും വൈദ്യുതി എത്തിക്കാനാണ് 12-ാം പഞ്ചവൽസര പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്പോൾ കേന്ദ്രത്തിൽ നിന്നും 226 മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് സൗജന്യമായി കിട്ടുന്നത്. 1350 കോടി രൂപ ചെലവഴിച്ചെങ്കിൽ മാത്രമേ കേരളത്തിൽ ഇത്രയും മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുകയുള്ളൂ. വൈദ്യുത ലൈനുകൾ വലിക്കുന്നതിൽ തടസ്സം

നിൽക്കുന്നതുകൊണ്ടാണ് അർഹമായ കേന്ദ്ര വിഹിതം കേരളത്തിന് ലഭ്യമാകാത്തത്. കുടംകുളം 400 കെ.വി. പവർ ഹൈവേയുടെ പണി പൂർത്തിയായാൽ യാതൊരു പ്രസരണ നഷ്ടവുമില്ലാതെ കേരളം മുഴുവൻ വൈദ്യുതി എത്തിക്കാൻ കഴിയുന്നതാണെന്നും ഏകദേശം 2 വർഷം കൊണ്ട് ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി.

140 (*572) രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, വസ്തുക്കൾ കൈമാറുന്നതിനുള്ള ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ഭൂമിയോടൊപ്പമുള്ള കെട്ടിടങ്ങളുടെ പൂർണ്ണ വിവരങ്ങൾ ആധാരത്തിൽ കാണിക്കാതെ വിലകുറച്ച് കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വസ്തുവിലുള്ള കെട്ടിടത്തിന്റെ പൂർണ്ണ വിവരങ്ങൾ കാണിക്കുന്നതിന് 17.2.2007-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള മുദ്രപ്പത്ര നിയമം (കരണങ്ങളിൽ വിലകുറച്ചു വയ്ക്കുന്നതു തടയൽ) ചട്ടങ്ങൾ, 1968 ഭേദഗതി ചെയ്ത് ആധാരത്തോടൊപ്പം അനുബന്ധമായി കെട്ടിടങ്ങളുടെ വിവരം ഉൾപ്പെട്ട ഫോം 1 ബി ഹാജരാക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത ഫോറത്തിൽ രേഖപ്പെടുത്തുന്ന കാര്യങ്ങളിൽ വ്യത്യാസം വന്നാൽ പിന്നീട് അണ്ടർ വാല്വേഷൻ നടത്തുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ഭേദഗതി നിയമത്തിന് വിധേയമായി സംസ്ഥാന രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വസ്തു വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവരുടെ ഫോട്ടോയും വിരലടയാളവും നിർബന്ധമാക്കിയതിലൂടെ ആധാര രജിസ്ട്രേഷനിലെ ബിനാമി ഇടപാടുകൾ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം വിദേശ മലയാളികളുടെ

ആധാരം രജിസ്റ്റർ ചെയ്യുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്ന ആശങ്ക ദൂരീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ 21 റവന്യൂ ഡിവിഷനുകളിൽ ആർ.ഡി.ഒ.മാരുടെ നേതൃത്വത്തിൽ ആരംഭിച്ചുകഴിഞ്ഞു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും സംയുക്തമായ ചർച്ചകൾ നടത്തിയും താലൂക്ക് സഭ യോഗം ചേർന്നും അതാതു സ്ഥലത്തെ ഭൂമിയുടെ വില നിലവാരം മനസ്സിലാക്കിയിട്ട് 15 ഇനങ്ങളിലായിട്ടായിരിക്കും ന്യായവില നിശ്ചയിക്കുന്നത്. ഈ സാമ്പത്തിക വർഷം രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് നികുതിയിനത്തിൽ 1525 കോടി രൂപയാണ് വരുമാനം പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂന്നു മാസത്തെ വരുമാനം ഈ വർഷത്തെ മൂന്നു മാസത്തെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 55 ശതമാനത്തിന്റെ വർദ്ധനവ് കാണുന്നുണ്ട്. നഗര പ്രദേശങ്ങളിലും മറ്റും സ്വന്തം പേരിൽ 3 സെന്റിന് താഴെ ഭൂമിയുള്ളവരുടെ വരുമാനം കൂടി കണക്കിലെടുത്തുകൊണ്ട് ന്യായവില നിശ്ചയിച്ചതിനുശേഷം മുദ്രപ്പത്രവില കുറച്ചുകൊടുക്കുന്നത് ആലോചിക്കാവുന്ന കാര്യമാണെന്ന് ഒരുപചോദ്യത്തിന് ഉത്തരമായി മന്ത്രി വ്യക്തമാക്കി. ആധാരങ്ങളുടെ പകർപ്പുകൾ തയ്യാറാക്കി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഡിജിറ്റൽ ഇമേജ് പ്രിന്റർ എന്ന നൂതന സംവിധാനം സംസ്ഥാനത്തെ 14 ജില്ലകളിലുമായി തെരഞ്ഞെടുക്കപ്പെട്ട 15 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷം തന്നെ പ്രസ്തുത സംവിധാനം മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. പുതിയ കൈവശ രേഖ ലഭ്യമാക്കുന്ന സംവിധാനം മോഡൽ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കോട്ടയം

ജില്ലയിലെ വില്ലേജ് ഓഫീസുകളിൽ പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. ക്രമേണ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും പ്രസ്തുത സംവിധാനം പ്രാബല്യത്തിൽ വരുന്നതാണ്. എല്ലാ വസ്തുക്കളുടേയും ആധികാരിക രേഖകൾ സൂക്ഷിക്കേണ്ട രജിസ്ട്രേഷൻ ഓഫീസുകൾ പൊളിഞ്ഞതും തകർന്നതുമായ കെട്ടിടങ്ങളിലും വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത് എന്നതുകൊണ്ട് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തീരുമാനം എടുക്കുന്നതാണ്. ഭാഗപത്രം തയ്യാറാക്കുമ്പോൾ ഭൂമി കൈമാറ്റുന്നവരുടേയും കൈപ്പറ്റുന്നവരുടേയും ഫോട്ടോ പതിപ്പിക്കണമെന്നുള്ള നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. ആകെയുള്ള 309 സബ് രജിസ്ട്രാർ ഓഫീസുകളിൽ 268 എണ്ണം കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞുവെന്നും ബാക്കിയുള്ള 41 ഓഫീസുകൾ നാലു മാസത്തിനുള്ളിൽ കമ്പ്യൂട്ടർവൽക്കരിക്കുന്നതാണെന്നും ഉപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

141 (*573) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പട്ടികജാതി വികസന വകുപ്പിൽ തൊഴിൽ പദ്ധതികൾക്കായി 19 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 2.7 കോടി രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 12.76 കോടി രൂപയും നടപ്പു വർഷത്തിൽ ചെലവഴിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് കഴക്കൂട്ടത്തുള്ള അപ്പാരൽ പാർക്ക് (കേന്ദ്ര സർക്കാർ അംഗീകൃതം) കളമശ്ശേരി ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ താമസ സൗകര്യത്തോടുകൂടി നൂതന തൊഴിൽ പരിശീലനം നൽകുകയും

പ്രസ്തുത സ്ഥാപനങ്ങൾ മുഖേന തൊഴിൽ ഉറപ്പു വരുത്തുന്നതിനുള്ള ഒരു പുതിയ പദ്ധതി 40.50 ലക്ഷം രൂപ ചെലവഴിച്ച് ആവിഷ്ക്കരിച്ചുവരികയും ചെയ്യുന്നു. പട്ടികവർഗ്ഗ സ്ത്രീകൾക്ക് സ്വയംതൊഴിലും കൂടുതൽ വരുമാനവും ലഭിക്കുന്നതിന് കുടുംബശ്രീ മുഖേന ആദിവാസികൾക്ക് മാത്രമായുള്ള പുതിയ സ്വയംസഹായ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പി.എസ്.സി., യു.പി.എസ്.സി., സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ, മറ്റ് വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന വിവിധ മൽസര പരീക്ഷകളിലൂടെ ജോലി ലഭിക്കുന്നതിന് പരിശീലനം നൽകുന്ന ഒരു പദ്ധതി 2 ലക്ഷം രൂപ ചെലവിൽ ഈ വർഷം നടപ്പാക്കുന്നതാണ്. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 11-ാം പദ്ധതിയിൽ ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതി പ്രകാരം പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത വനം വകുപ്പിന്റെ വിവിധ ജോലികൾ ഈ വിഭാഗത്തിന് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിൽ വനിതാ സ്വയംസഹായസംഘങ്ങൾക്ക് സഹായം നൽകുന്നതിന് ഈ വർഷം ഒരു കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി വാങ്ങുന്നതിനും പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്നതിനും ഈ വർഷം 50 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി സ്ത്രീകൾക്ക് മാത്രമായി പെട്രോൾ ഓട്ടോറിക്ഷ വായ്പാ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് 100 ശതമാനം

ഗ്രാന്റായി നൽകുന്ന സ്വയംതൊഴിൽ പദ്ധതികൾക്ക് 350 ലക്ഷം രൂപയും കുടുംബശ്രീ സഹായത്തോടുകൂടി നടത്തുന്ന സ്വയം സഹായ സംഘങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സഹായമായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് യുവതീ-യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് വായ്പ നൽകുന്നതിന് നടപ്പുവർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് വിവിധ പദ്ധതികളിലൂടെ സഹായം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ ഉപപദ്ധതിക്കും പട്ടികജാതി പ്രത്യേക ഘടക പദ്ധതിക്കും പ്രത്യേക കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ട്. സ്വയംതൊഴിൽ ലഭ്യമാക്കുന്നതിനായി ആവിഷ്ക്കരിക്കുന്ന പുതിയ പദ്ധതികളെല്ലാം ഈ സാമ്പത്തികവർഷംതന്നെ ആരംഭിക്കുന്നതാണ്.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

142 (*583) <u>വൈദ്യുതി വിതരണത്തിനുള്ള സാധനങ്ങൾ</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പിന് ആവശ്യംവരുന്ന സാധനസാമഗ്രികളുടെ പട്ടിക ഓരോ വർഷവും തയ്യാറാക്കി പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടുകൂടി ടെണ്ടർ ക്ഷണിക്കുന്നുണ്ടെന്നറിയിച്ചു. പ്രസ്തുത ടെണ്ടറിലെ നിബന്ധനകൾക്ക് വിധേയമായി ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയ കമ്പനിക്ക് 60 ലക്ഷം രൂപ വരെയുള്ളതിന് ചീഫ് എഞ്ചിനീയറും, 2.5 കോടിരൂപ വരെയുള്ളതിന് പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെയും 2.5 കോടി രൂപയ്ക്ക് മുകളിലുള്ളവയ്ക്ക് ബോർഡിന്റെ

അനുമതിയോടെയും ചീഫ് എഞ്ചിനീയർ പർച്ചേസ് ഓർഡർ നൽകുന്നു. സംസ്ഥാനത്തിനു പുറത്തുനിന്നും ലൈറ്റനിംഗ് അറസ്റ്റർ, എ.ബി.സ്വിച്ച്, ജി.ഐ.വയർ, ഇൻസുലേറ്റർ, ട്രാൻസ്ഫോർമർ ഓയിൽ, ബോൾട്ടും നട്ടും, കേബിൾ, കൊല്ലത്തെ ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഉൽപ്പാദിപ്പിക്കാത്ത 3 ഫേസ് മീറ്റർ, സി.ടി.മീറ്റർ, വിവിധ ഇനം ക്രോസ് ആം, വെതർ പ്രൂഫ് വയർ, ഫ്യൂസ് യൂണിറ്റ്, ഡി.ഒ. ഫ്യൂസ് എന്നീ സാധനങ്ങളും വാങ്ങുന്നു.

143 (*598) <u>എല്ലാവർക്കും വീട്</u>

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 'എല്ലാവർക്കും വീട്' എന്നുള്ള ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്ന കർമ്മസമിതി പ്രസിദ്ധീകരിച്ച "കേരള ഭവന നിർമ്മാണ പാർപ്പിട നയം 2007" (കരടു രൂപം)-ന്മേൽ പൊതുജനങ്ങളുടേയും ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾ ശേഖരിച്ചു വരുന്നുണ്ടെന്നറിയിച്ചു. കൂടാതെ ഭവന നിർമ്മാണ വകുപ്പിന്റേയും വിവിധ ഏജൻസികളുടേയും സജീവ പങ്കാളിത്തത്തോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

144 (*599) <u>സമഗ്ര തീരദേശ വികസന പരിപാടി</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സമഗ്ര തീരദേശ വികസന പരിപാടി അനുസരിച്ച്. സുനാമി ബാധിത തീര പ്രദേശത്തിന്റെ സമഗ്ര വികസനത്തിനായി സുനാമി അടിയന്തിര സഹായ പദ്ധതി (ട്രീപ്പ്), സുനാമി പുനരധിവാസ പദ്ധതി (റ്റി.ആർ.പി.), സമഗ്ര തീരദേശവികസന പദ്ധതി എന്നിവയാണുള്ളതെന്നറിയിച്ചു. ഇതിൽ സുനാമി

സഹായ പദ്ധതി 3-5-2008-നും സുനാമി പുനരധിവാസ പദ്ധതി 3-10-2009-നും ആണ് പൂർത്തിയാക്കേണ്ടത്. തീരദേശവികസന പദ്ധതി പ്രവർത്തനങ്ങൾ കാസർഗോഡ് ജില്ലയിൽ 2007-08 കാലഘട്ടത്തിൽ പൂർത്തീകരിക്കാനും മറ്റു ജില്ലകളിൽ 2011-12 വർഷ കാലയളവിനുള്ളിലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

200 (4279) <u>പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം.</u>

സംസ്ഥാനത്തെ 8811 പട്ടികജാതി കോളനികളും 2187 പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. പതിനൊന്നാം പദ്ധതിയുടെ അവസാനത്തോടെ പട്ടികജാതി കോളനികൾ പൂർണ്ണമായും വൈദ്യുതീകരിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അടുത്ത മൂന്ന് വർഷംകൊണ്ട് സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

201 (4288) <u>പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് നിർമ്മിച്ചു നൽകിയ വീടുകൾ</u>

2006-07 വർഷം പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിന് വേണ്ടി നർമ്മിക്കേണ്ട 1111 വീടുകളിൽ 50 എണ്ണം പൂർത്തിയാക്കുകയും 1061 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ നടന്നുവരികയും ചെയ്യുന്നു.

202 (4302) <u>ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് ആന്റ് റിഫോംസ് പദ്ധതി</u>

നഗരപ്രദേശങ്ങളിലെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് ആന്റ് റിഫോംസ് പദ്ധതി പ്രകാരം കേരളത്തിലൊട്ടാകെ 863 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ

തുകയുടെ 25 ശതമാനം കേന്ദ്രസഹായമായി ലഭിക്കുന്നതാണ്. ഇതിൻപ്രകാരം നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച 248.57 കോടി രൂപ ബോർഡിനു കൈമാറിയതിനുപുറമെ 39.36 കോടി രൂപ കൂടി സംസ്ഥാന സർക്കാർ ബോർഡിന് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ബോർഡ് 424 കോടി രൂപ ചെലവഴിച്ചു.

203 (4303) <u>പതിനൊന്നാം പദ്ധതിയിലെ ജലവൈദ്യുത പദ്ധതികൾ</u>

അതിരപ്പിള്ളി, പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ, മാങ്കുളം, അച്ചൻകോവിൽ, ചിന്നാർ, ചെങ്കുളം ഓഗ്മെന്റേഷൻ, മണിയാർ ടെയിൽ റേസ്, പശുക്കടവ്, പൂഴിത്തോട്, വിലങ്ങാട്, ആനക്കാംപൊയിൽ, ചാത്തൻകോട്ടുനട-II, പെരുന്തേനരുവി, ചിമ്മിനി, പീച്ചി, പതകയം, കണ്ടപ്പൻചാൽ, ആഡ്യൻപാറ, ബാരപ്പോൾ, കക്കാടം പൊയിൽ-I, കക്കാടം പൊയിൽ-II, മാർമല, ചെങ്കുളം ടെയിൽ റേസ്, എന്നിവയാണ് പതിനൊന്നാം പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ.

204 (4306) <u>ഊർജ്ജസുരക്ഷാ മിഷൻ</u>

പതിനൊന്നാം പഞ്ചവൽസരപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് സമ്പൂർണ്ണ ഊർജ്ജസുരക്ഷാ മിഷൻ എന്ന ഒരു മുൻനിര പരിപാടി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി എത്തിച്ചേരാത്ത എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക, ചുരുങ്ങിയത് പ്രതിദിനം ഒരു യൂണിറ്റ് ഊർജ്ജ ലഭ്യതയെങ്കിലും ഉറപ്പാക്കുക, ഓരോ വർഷവും പ്രതിവർഷം 8 സിലിണ്ടർ പാചകവാതകത്തിന് സമാനമായ ഊർജ്ജം പാചകാവശ്യത്തിന് ലഭ്യമാക്കുക,

ഇവ തുടർച്ചയായും ഇടതടവില്ലാതെയും ലഭ്യമാക്കാൻ അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ വിനിയോഗം വർദ്ധിപ്പിക്കുകയും ക്ഷമതയേറിയ ഊർജ്ജ വിനിയോഗ രീതികളിലേയ്ക്ക് മാറുകയും ചെയ്യുക തുടങ്ങിയവയാണ് മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ. ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ പതിനൊന്നാം പദ്ധതി കാലയളവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിന് ഊർജ്ജ വകുപ്പ് എല്ലാവിധ സഹായവും നൽകി വരുന്നുണ്ട്.

205 (4309) കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി

ഡിസംബർ 2006 വരെ കേരളത്തിന് 145.48 M.W വൈദ്യുതി ആണ് അൺ അലോക്കേറ്റഡ് വിഹിതമായി കേന്ദ്രത്തിൽ നിന്നും ലഭിച്ചിരുന്നത്. എന്നാൽ ഡിസംബർ, ജനുവരി മാസങ്ങളിൽ ഇത് 64 M.W ആയി കുറച്ചു. തുടർന്ന് ഏപ്രിൽ മാസങ്ങളിൽ പീക്ക് സമയത്തെ അൺഅലോക്കേറ്റഡ് വിഹിതം 52 M.W ആയും മറ്റു സമയങ്ങളിലേത് 81 M.W ആയും കുറച്ചു. ഇപ്പോൾ പീക്ക് സമയത്ത് കേരളത്തിന് 39 M.W- ഉം ഓഫ് പീക്കിൽ 10 M.W -ഉം വൈദ്യുതി മാത്രമേ അൺ അലോക്കറ്റഡ് വിഹിതത്തിൽ നിന്നും കേരളത്തിന് ലഭിക്കുന്നുള്ളൂ.

206 (4314) ഹൈഡൽ ടൂറിസം

വൈദ്യുതി ബോർഡിൽ ജലവൈദ്യുത പദ്ധതികളുടെ ജലസംഭരണികളെയും അവയ്ക്കു ചുറ്റുമുള്ള പ്രകൃതി ഭംഗി നിറഞ്ഞ പ്രദേശങ്ങളെയും അടിസ്ഥാനമാക്കി ടൂറിസം വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി വൈദ്യുതി ബോർഡിന്റെ ആഭിമുഖ്യത്തിൽ കേരള ഹൈഡൽ ടൂറിസം സെന്റർ എന്ന

പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സൊസൈറ്റിയാണ് ഹൈഡൽ ടൂറിസം ഏറ്റെടുത്തു നടത്തുന്നത്.

207 (4347) <u>സംസ്ഥാനത്തെ പൊതുനിക്ഷേപം</u>

അക്കൗണ്ടന്റ് ജനറലിന്റെ 2007 മാർച്ച് 31-ലെ താൽക്കാലിക കണക്കു പ്രകാരം 2006-07 സാമ്പത്തികവർഷം സംസ്ഥാനത്ത് ട്രഷറികളിലൂടെ പൊതുനിക്ഷേപമായി 5608.16 കോടി രൂപയും 2007 മെയ് 31 വരെ 1016.89 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

208 (4385) <u>സ്പോർട്ട്സ് ലോട്ടറി</u>

സ്പോർട്ട്സ് ലോട്ടറി മുഖേന 29,44,79,800 രൂപ വിറ്റുവരവും 9,35,12,453 രൂപ അറ്റാദായവും ലഭിച്ചിട്ടുണ്ട്.

209 (4391) <u>കടൽ മൽസ്യ സമ്പത്ത്</u>

മൽസ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് മൽസ്യ സഹകരണ സംഘങ്ങൾവഴി മൽസ്യഫെഡ് ലേലം നടപ്പിലാക്കിവരുന്നു. കൂടാതെ 'മൂല്യവർദ്ധിത മൽസ്യ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും' പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും പദ്ധതി തുകയായ 99.94 ലക്ഷം രൂപ സബ്സിഡിയായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഉൽപ്പന്നത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തി വില ഉറപ്പാക്കുന്നു. ഇതിലേയ്ക്ക് മൽസ്യബന്ധനത്തിന് പോകുന്ന വള്ളങ്ങളിൽ ഇൻസുലേറ്റഡ് ബോക്സ് നൽകുക, കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിൽ മൽസ്യം കൂടുതൽ ലഭിക്കുന്ന അവസരങ്ങളിൽ മൽസ്യം സ്റ്റോക്ക് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുക, മൽസ്യ സഹകരണ സംഘങ്ങളിൽ പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകൾ

മുഖാന്തിരം മൽസ്യം വൃത്തിയായി പായ്ക്കറ്റുകളിൽ വിപണനം നടത്തുക എന്നിവയ്ക്കുള്ള സഹായം ലഭ്യമാക്കുന്നു. കൂടാതെ സുനാമി പുനരധിവാസ പദ്ധതി പ്രകാരം 9 ജില്ലകളിലായി 45 ഫിഷ് ബൂത്തുകൾ ഉടനെ തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

210( 4399) <u>മൽസ്യ സംസ്ക്കരണ കയറ്റുമതി സ്ഥാപനങ്ങൾ</u>

സംസ്ഥാനത്ത് 107 മൽസ്യ സംസ്ക്കരണ കയറ്റുമതി സ്ഥാപനങ്ങളുണ്ട്. മൽസ്യഫെഡ് പ്ളാന്റിൽനിന്നും പ്രതിവർഷം 511.30 ടണ്ണും കേരളത്തിലെ മറ്റു കയറ്റുമതി സ്ഥാപനങ്ങളിൽനിന്നും 2005-06 വർഷത്തിൽ 86417 ടണ്ണും 2006-07 വർഷത്തിൽ ഏകദേശം 95309 ടണ്ണും മൽസ്യം കയറ്റുമതി ചെയ്തിട്ടുണ്ട്.

211 (4423) <u>വന വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

സംസ്ഥാനത്ത് നിലവിലുള്ള വനഭൂമിയുടെ ആകെ വിസ്തീർണ്ണം 11271.6641 ച.കി.മീറ്ററാണ്. ഇത് സംസ്ഥാന ഭൂവിസ്തൃതിയുടെ 28.9 ശതമാനത്തോളം വരും.

212 (4424) <u>അസിസ്റ്റ് നാച്വറൽ റീജനറേഷൻ പദ്ധതി</u>

'അസിസ്റ്റ് നാച്വറൽ റീജനറേഷൻ' പദ്ധതിയനുസരിച്ച് നാച്വറൽ ഫോറസ്റ്റിൽ ഒരു ഹെക്ടറിൽ പരമാവധി 200 തൈകളാണ് എയ്ഡഡ് നാച്വറൽ റീജനറേഷൻ (എ.എൻ.ആർ.) പദ്ധതിപ്രകാരം വച്ചുപിടിപ്പിക്കുന്നത്. തൈകൾ വച്ചുപിടിപ്പിക്കുന്നതിന് തൊഴിലാളികളുടെ ലഭ്യതയനുസരിച്ച് ഒരാഴ്ചമുതൽ രണ്ടാഴ്ച വരെ സമയമെടുക്കും. ഇതിനായി വനസംരക്ഷണ സമിതികൾ ഉൽപ്പാദിപ്പിക്കുന്ന തൈകളാണ് ഉപയോഗിക്കുന്നത്. ഒരു

ഹെക്ടറിൽ വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് 14 തൊഴിൽ ദിനങ്ങൾ ആവശ്യമായി വരുന്നു.